നമ്പർ DWCD/2205/2022-E1

വനിതാ ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി : 01/08/2022
Email: directorate.wcd@kerala.gov.in
Phone No. 0471-2346534

## പരിപത്രം

വിഷയം :- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - 2022 ലെ പൊതു സ്ഥലം മാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നത് - ജീവനക്കാരുടെ സർവ്വീസ് വിവരങ്ങളിലെ അപാകത പരിഹരിക്കുന്നതിന് സമയം അനുവദിക്കുന്നത് - സംബ

സൂചന :-
1) വനിത ശിശുവികസന ഡയറക്ടറുടെ 20/06/2022 ലെ DWCD/2205/2022-E1 നമ്പർ പരിപത്രം
2) വനിത ശിശുവികസന ഡയറക്ടറുടെ 29/06/2022 ലെ DWCD/2205/2022-E1 നമ്പർ പരിപത്രം
3) വനിത ശിശുവികസന ഡയറക്ടറുടെ 14/07/2022 ലെ DWCD/2205/2022-E1 നമ്പർ കത്ത്
4) വനിത ശിശുവികസന ഡയറക്ടറുടെ 19/07/2022 ലെ DWCD/2205/2022-E1 നമ്പർ പരിപത്രം

വനിത ശിശുവികസന വകുപ്പിലെ ജീവനക്കാരുടെ 2022 ലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനായി നിലവിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, അപേക്ഷ ക്ഷണിച്ച് നടപടിക്രമം പൂർത്തിയാക്കുന്നതിനും സൂചന (1) പ്രകാരം സമയക്രമവും മാർഗ്ഗനിർദ്ദേശവും പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തി അപ്രൂവൽ നൽകുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന വിവിധ കാര്യാലയ മേധാവികളുടെ അപേക്ഷ പരിഗണിച്ച് ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തി അപ്രൂവൽ നൽകുന്നതിന് സൂചന (2), (3) പ്രകാരം സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു.

വകുപ്പിലെ വിവിധ കാര്യാലയമേധാവികൾ അപ്രൂവൽ ചെയ്ത് നൽകിയ സർവ്വീസ് വിവരങ്ങളാണ് സൂചന (4) സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചത്. എന്നാൽ, പ്രസിദ്ധീകരിച്ചിട്ടുള്ള ജീവനക്കാരുടെ സർവ്വീസ് വിവരങ്ങളിൻമേൽ നിരവധി ആക്ഷേപങ്ങൾ ലഭിച്ചിരിക്കുന്നു. ജീവനക്കാരുടെ സർവ്വീസ് വിവരങ്ങളിലുള്ള ആക്ഷേപങ്ങൾ പൂർണ്ണമായും പരിഹരിച്ച ശേഷം മാത്രമേ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈൻ മുഖേന സ്വീകരിക്കാൻ കഴിയുകയുള്ളു.

ഈ സാഹചര്യത്തിൽ ജീവനക്കാരുടെ സർവ്വീസ് വിവരങ്ങളിലെ അപാകത പരിഹരിക്കുന്നതിന് കാര്യാലയ മേധാവികൾക്ക് സമയം അനുവദിച്ചും സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് പുതുക്കിയ സമയക്രമം നിശ്ചയിച്ചും ചുവടെ പറയും പ്രകാരം പുതുക്കിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1) വകുപ്പിന് കീഴിലെ എല്ലാ കാര്യാലയ മേധാവികൾക്കും അവരുടെ ലോഗിനിലൂടെ Online General Transfer 2022 എന്ന മൊഡ്യൂളിൽ പ്രവേശിച്ച് ജീവനക്കാരുടെ പ്രസിദ്ധീകരിച്ചിട്ടുള്ള സർവ്വീസ് വിവരങ്ങൾ പരിശോധിച്ച് അപാകതയുണ്ടെങ്കിൽ ആയത് **03/08/2022, 05.00 pm** വരെ പരിഹരിക്കാവുന്നതാണ്. (Edit & Update ചെയ്യാവുന്നതാണ് ).

2) കാര്യാലയ മേധാവികൾ ഓൺലൈൻ ട്രാൻസ്ഫർ മൊഡ്യൂളിൽ അപ്രൂവൽ ചെയ്തിട്ടുള്ള വിവരങ്ങളാണ് (ഇലക്ട്രോണിക് ഡാറ്റാബേസ് ) ജനറൽ ട്രാൻസ്ഫറിന്റെ തുടർ പ്രോസസിംഗിന് ഉപയോഗിക്കുന്നത്. ആയതിനാൽ, ഇലക്ട്രോണിക് ഡാറ്റാബേസിലുള്ള വളരെ ചെറിയ അപാകത പോലും പൊതുസ്ഥലംമാറ്റ നടപടികളിൽ വലിയ ആക്ഷേപങ്ങൾ/ പരാതികൾ/ കോടതി വ്യവഹാരങ്ങൾക്ക് ഇടയാക്കും. ആയതിനാൽ, സർവ്വീസ് വിവരങ്ങളിലെ അപാകത പരിഹരിക്കുന്നതിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള സമയം പ്രയോജനപ്പെടുത്തി എല്ലാ ജീവന ക്കാരുടെയും സർവ്വീസ് വിവരങ്ങൾ കുറ്റമറ്റ രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അതാത് കാര്യാലയ മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇനിയും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

3) തെറ്റായ സർവ്വീസ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ജീവനക്കാർക്ക് അനർ ഹമായി സ്ഥലംമാറ്റം ലഭിക്കുകയോ, അർഹതപ്പെട്ട ഏതെങ്കിലും ജീവനക്കാർക്ക് സ്ഥലംമാറ്റം ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യമുണ്ടായി, ആയത് പരാതി/ കോടതി വ്യവഹാര ങ്ങൾക്ക് ഇടയാക്കുകയാണെങ്കിൽ തെറ്റായ സർവ്വീസ് വിവരങ്ങൾ ഓൺലൈൻ ട്രാൻസ്ഫർ മൊഡ്യൂളിൽ രേഖപ്പെടുത്തി അപ്രൂവൽ നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ ആയതിന് പൂർണ്ണ ഉത്തരവാദികളായിരിക്കും.

4) Online General Transfer 2022 എന്ന മൊഡ്യൂളിലൂടെ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർ ക്കും പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ 04/08/2022 മുതൽ 16/08/2022, 05.00 pm വരെ കാര്യാലയ മേധാവിക്ക് സമർപ്പിക്കാവുന്നതാണ്.

5) കാര്യാലയ മേധാവികൾക്ക് ലഭിക്കുന്ന 2022 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ കൾ പരിശോധിച്ച് അപ്രൂവൽ നൽകുന്നതിനുള്ള നടപടി 19/08/2022, 05.00 pm ന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്. (പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷയുടെ ഹാർഡ് കോപ്പി ഈ കാര്യാലയത്തിലേയ്ക്ക് അയക്കേണ്ടതില്ല).

6) 01/06/2022 ന് ശേഷം ഉദ്യോഗക്കയറ്റം നൽകി നിയമിച്ച ജീവനക്കാരെ 2022 ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതോടൊപ്പം ഉദ്യോഗക്കയറ്റം നൽകി നിയമിച്ച കാര്യാലയങ്ങളിൽ നിന്ന് മാറ്റി നിയമിക്കുമെന്നും ഉദ്യോഗ ക്കയറ്റ ഉത്തരവിൽ തന്നെ വ്യക്തമാക്കിയിരുന്നു. ആയതിനാൽ, 01/06/2022 ന് ശേഷം ഉദ്യോഗക്കയറ്റം നൽകി നിയമിച്ച ജീവനക്കാർ 2022 ലെ പൊതു സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. ഇത്തരം ജീവനക്കാരുടെ നിയമനം പുനഃ ക്രമീകരിച്ച് കൊണ്ട് പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവിനോടൊപ്പം ചേർത്ത് ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

7) സംസ്ഥാന തലത്തിൽ വിവിധ വിഭാഗങ്ങളിലൂടെ (AWW + SSLC Quota, AWW + Degree Quota, Promotion Quota) നിയമനം നടത്തേണ്ട ICDS സൂപ്പർവൈസർമാരുടെ ഇരുന്നൂറിലധികം തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. ആയത് പദ്ധതി നടത്തിപ്പിന് തടസ്സമുണ്ടാകാത്തവിധം എല്ലാ മേഖലകളിലും ജീവനക്കാരുടെ സേവനം ലഭ്യമാകുന്നുവെന്ന് വകുപ്പ് അദ്ധ്യക്ഷന് ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്. ഇക്കാര്യം കൂടി പരിഗണിച്ച് മാത്രമേ ICDS സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയുള്ളു.

Online General Transfer 2022 മായി ബന്ധപ്പെട്ട് കാര്യാലയ മേധാവികൾക്കും ജീവനക്കാർക്കും സാങ്കേതികമായ സംശയനിവാരണത്തിനായി **9895650007 (മിനീഷ്)** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി**

എല്ലാ ജീവനക്കാർക്കും
എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

**<u>പകർപ്പ്</u>**

സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ സ്പെയർ